**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**Email: ceekinfo.cee@kerala.gov.in**
**Phone : 0471 2525300**

## വിജ്ഞാപനം

**KEAM - 2024**

**എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ്**

**പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അവസരം**

**2024-25** അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളുടെ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തുന്നു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിനായി **27.11.2024, 2.00 PM** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓൺലൈൻ സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് '**Special Stray Vacancy Option Registration**' എന്ന മെനു ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ/കോഴ്സുകളിൽ മാത്രം ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ടതാണ്.**

അലോട്ട്മെന്റ് നടക്കാതെ ഒഴിവ് വരുന്ന സീറ്റുകൾ ഈ ഘട്ടത്തിൽ

കൺവേർട്ട് ചെയ്യപ്പെടും.

**<u>സ്പെഷ്യൽ സ്‌ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

- മൂന്നാംഘട്ട / സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിനെ തുടർന്ന് കോളേജുകളിൽ പ്രവേശനം നേടിയവർക്ക് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- മൂന്നാംഘട്ട / സ്ട്രേ വേക്കൻസി ഫില്ലിംഗ് അല്ലോട്മെന്റ് ലഭിച്ചിട്ടുള്ളവർക്ക് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- മുൻഘട്ടങ്ങളിലെ അലോട്ട്മെന്റുകളെ തുടർന്ന്, പ്രവേശനം നേടിയ കോളേജിൽ നിന്നും **15.10.2024** ഉച്ചക്ക് **2.00** മണിക്ക് ശേഷം (**09.10.2024** ലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വിജ്ഞാപനം) വിടുതൽ വാങ്ങിയവർക്ക് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- **സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ ലഭിക്കുന്ന സീറ്റുകളിൽ പിന്നീട് യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല.**
- സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള **MBBS/BDS** സീറ്റുകൾ ഈ ഘട്ടത്തിൽ നൽകിയ ഓപ്ഷനുകൾ പരിഗണിച്ച് രണ്ടാംഘട്ട സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ നികത്തുന്നതായിരിക്കും.
- **Phase I, Phase II, Phase III,** സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിക്കുകയും ഇപ്പോഴും പ്രവേശനത്തിൽ തുടരുന്നതുമായവർക്ക് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം അഖിലേന്ത്യാ ക്വോട്ടാ കൗൺസിലിംഗിൽ പങ്കെടുത്തിട്ടുള്ളവരുടെ **Allotted Candidate** ലിസ്റ്റ് **MCC** നൽകുന്നതാണ്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ അവർ ഓപ്ഷൻ രജിസ്റ്റർ ചെയ്തിരുന്നാൽപ്പോലും സ്റ്റേറ്റ് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

**<u>രജിസ്ട്രേഷൻ ഫീസ്</u>**

സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ

ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ബാധകമായിരിക്കും. രജിസ്ട്രേഷൻ ഫീസ് ഓൺലൈനായോ, പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

- സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ഗവ. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ മാത്രം ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസായി **₹10,000/- രൂപ (പതിനായിരം രൂപ)** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- ഗവ.എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലും സ്വാശ്രയ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലും ഉൾപ്പെടെ ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ **₹50,000/- രൂപ (അൻപതിനായിരം രൂപ)** രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- എസ്.സി/ എസ്.ടി/ ഒ.ഇ.സി/ മത്സ്യതൊഴിലാളികളുടെ മക്കൾ / **OEC** യ്ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ /**20.06.2005** തീയതിയിലെ **G.O(MS)No.25/2005/SCSTDD, G.O(MS)No.10/20148/B C D D** തീയതി **23.05.2014** എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്ര ഹോം, ജൂവനൈൽ ഹോം, നിർഭയ ഹോം എന്നിവയിലെ വിദ്യാർത്ഥികളും **₹5000/-** രൂപ രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ സ്വാശ്രയ കോളേജുകളിലെ എൻ.ആർ.ഐ./മൈനോറിറ്റി സീറ്റുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുകയാണെങ്കിൽ മേൽ ഖണ്ഡിക പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. മാത്രമല്ല, മേൽ വിദ്യാർത്ഥികൾ ഫീസ് ഇളവിന് അർഹരുമല്ലായിരിക്കും.
- പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് മുഖേന എം.ബി.ബി.എസ്/ബി.ഡി.എസ്. കോഴ്സുകളിൽ പ്രവേശനം നേടുകയും **09.10.2024** ലെ വിജ്ഞാപന പ്രകാരം നിശ്ചിത തീയതിക്കുള്ളിൽ വിടുതൽ വാങ്ങുകയും ചെയ്ത വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക രജിസ്ട്രേഷൻ ഫീസിനെക്കാൾ അധികമാണെങ്കിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക രജിസ്ട്രേഷൻ ഫീസിനെക്കാൾ കുറവാണെങ്കിൽ ബാക്കി തുക അടയ്ക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ എം.ബി.ബി.എസ്./ബി.ഡി.എസ്. ഒഴികെ മറ്റ്

കോഴ്സുകൾക്ക് വിദ്യാർത്ഥികൾ അടച്ച തുക രജിസ്ട്രേഷൻ ഫീസിനത്തിൽ വകയിരുത്തുന്നതല്ല. അത്തരം വിദ്യാർത്ഥികൾ മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള മുഴുവൻ തുകയും രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'കാൻഡിഡേറ്റ് പോർട്ടൽ'** വഴി ലോഗിൻ ചെയ്യുമ്പോൾ ലഭ്യമാകുന്ന സ്ട്രേ വേക്കൻസി രജിസ്ട്രേഷൻ പേജിൽ വിദ്യാർത്ഥികൾ നൽകുന്ന വിവരങ്ങൾക്കനുസരിച്ച് അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കപ്പെടുന്നതാണ്. സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ബാധകമായ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയതിനുശേഷം മാത്രമേ വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളു. ഒരിക്കൽ രജിസ്ട്രേഷൻ ഫീസ് അടച്ചു കഴിഞ്ഞാൽ പിന്നീട് രജിസ്ട്രേഷൻ ഫീസിൽ ഒരു തരത്തിലുള്ള മാറ്റവും അനുവദിക്കുന്നതല്ല. ആയതിനാൽ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കുന്നതിനായി വിവരങ്ങൾ നൽകുമ്പോൾ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഗവൺമെന്റ് മെഡിക്കൽ/ഡെൻറൽ കോളേജുകളിൽ സ്പെഷ്യൽ സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുക അലോട്ട്മെന്റ് ലഭിച്ച കോഴ്സുകളുടെ ഫീസിനത്തിൽ വകയിരുത്തുന്നതാണ്. സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ അവസാനിച്ചശേഷം തിരികെ നൽകുന്നതാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ ഫീസ് അഡ്മിഷൻ നടപടികൾ പൂർത്തിയായ ശേഷം തിരികെ നൽകുന്നതാണ്.
- **സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെയോ മുൻ അലോട്ട്മെന്റിലൂടെയോ പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടെയും അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കുന്നതും തിരികെ നൽകുന്നതുമല്ല. കൂടാതെ ഇത്തരം വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം പിഴ ഈടാക്കുന്നതുമാണ്.**
- അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും

ചെയ്യും എന്നുറപ്പുള്ള കോളേജിലേയ്ക്കും, കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

## താത്ക്കാലിക അലോട്ട്മെന്റ് ഷെഡ്യൂൾ

| | |
|---|---|
| **25.11.2024** | ഓൺ ലൈൻ സ്പെഷ്യൽ സ്ട്രേ വേക്കൻസിഫില്ലിംഗ് അലോട്ട്മെന്റ് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വെബ്സൈറ്റ് സജ്ജമാകുന്നു. |
| **27.11.2024, 2.00 PM** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **27.11.2024** | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **28.11.2024** | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **29.11.2024 to 02.12.2024, 1.00 PM** | അലോട്ട്മെന്റ് മേമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) ഒടുക്കി അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാനുള്ള സമയം |
| **02.12.2024, 2.00 PM** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ **O A M S** മുഖേന അപ്ഡേറ്റ് ചെയ്യാനുള്ള സമയം |

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signed by
Sudhir K
Date: 25-11-2024 19:36:22

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**25-11-2024**